
**EKNM GOVERNMENT COLLEGE ELERITHATTU**
**(Established in 1981, Affiliated to Kannur University)**
**Accredited by NAAC with 'B' Grade**
**Elerithattu(PO), Nileshwar (Via), Kasaragod (Dist.), Kerala-671314,Ph: 04672245833, 9188900213**
**e-mail: eknmgovtcollege@yahoo.com , Web: http://www.eknmgc.ac.in**

# DOCUMENTARY EVIDENCE FOR

2.4.1. Percentage of Full-Time Teachers against sanctioned posts during the last Five Years.

## GOVERNMENT ORDERS APPLICABLE FOR THE APPOINTMENT OF TEMPORARY TEACHERS



നമ്പർ:ആഡിറ്റ് വി1 /103066/2018/കോ:വി:വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി 14/09/2018
email: dcedeptaudit@gmail.com

## പരിപത്രം.

ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ അതിഥി അദ്ധ്യാപകരുടെ വേതനം 4-7-2018ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.)നമ്പർ1293/2018/ഉ.വി.വ പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അതിഥി അദ്ധ്യാപകരുടെ നിയമനവും വേതനവും സംബന്ധിച്ച 9-10-2013 ലെ വി1/102013/2013/കോ:വി:വ: സർക്കുലറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് നിർദേശം നൽകുന്നു.

### അതിഥിഅദ്ധ്യാപകരുടെ നിയമനം

എ). അതിഥി അദ്ധ്യാപകരുടെ നിയമനത്തിനുവേണ്ടി എച്ച്.ഒ.ഡി.നൽകുന്ന അപേക്ഷയോടൊപ്പം അംഗീകൃത workload statement (GO (MS) 260/10/Hr.Edn+അദാലത്ത്+ പുതിയ കോഴ്സ്), ജൂൺ 1 ലെ വർക്ക്ലോഡ് സ്റ്റേറ്റ്മെന്റ് , മാസ്റ്റർ ടൈംടേബിൾ, Department time table, 1st DC ക്ലാസ് ആരംഭിച്ച ദിവസം മുതലുളള റിവൈസ്ഡ് വർക്ക്ലോഡ് സ്റ്റേറ്റ്മെന്റ്, revised master time table,revised Department time table എന്നിവയും ഒന്നാംവർഷ പി.ജി.ക്ലാസ് ആരംഭിച്ച ദിവസം മുതലുളള revised work load statement, revised master time table, revised department time table എന്നിവയും ഉണ്ടായിരിക്കേണ്ടതാണ്. പ്രിൻസിപ്പൽ,ഓഫീസ് മുഖേന (ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്,സൂപ്രണ്ട്,എ.എ. എന്നിവർ മുഖാന്തിരം) ടി രേഖകൾ വ്യക്തമായി പരിശോധിച്ച് അതിഥി അദ്ധ്യാപകരായി നിയമിക്കുന്നതിനുള്ള അർഹത ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരം പരിശോധന നടത്തുമ്പോൾ, താഴെപറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ബി). ഒരു ഡിപ്പാർട്ട്മെന്റിൽ ആവശ്യമായി വരുന്ന മണിക്കൂറുകളും അപ്പോൾ നിലവിലുളള സ്ഥിര അദ്ധ്യാപകരുടെ എണ്ണവും പരിശോധിച്ച് സ്ഥിരാദ്ധ്യാപകർക്ക് 16 മണിക്കൂർ വീതം നൽകിയശേഷം മിച്ചമുളള മണിക്കൂറുകൾക്ക് മാത്രമേ അതിഥിഅദ്ധ്യാപകരെ നിയമിക്കാൻ

പാടുള്ളൂ. പി.ജി.ക്ലാസുകൾ സ്ഥിരാദ്ധ്യാപകർക്ക് മാത്രം നൽകേണ്ടതും സ്ഥിരാദ്ധ്യാപകർ ഇല്ലാത്ത കോളേജുകളിൽമാത്രം പി.ജി.ക്ലാസുകൾ അതിഥി അദ്ധ്യാപകർക്ക് നൽകേണ്ടതുമാണ്.

സി). ഇപ്രകാരം അഥിതി അദ്ധ്യാപക നിയമനത്തിന് അർഹമായ മണിക്കൂറുകൾ എത്രയെന്ന് കണ്ടെത്തിയ ശേഷം മാത്രമേ നിയമനത്തിനായി പത്രപ്പരസ്യം നൽകാൻ പാടുള്ളൂ. അതാത് മേഖല ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ അഥിതി അദ്ധ്യാപക നിയമനത്തിന് പരിഗണിക്കാൻ പാടുള്ളൂ. നിയമനഫയലിൽ താഴെപ്പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1) സെമസ്റ്റർ/ടേം കലണ്ടർ (യൂണിവേഴ്സിറ്റി പ്രസിദ്ധീകരിക്കുന്നത്)
2) വർക്ക്ലോഡ് സ്റ്റേറ്റ്മെന്റ് (4 ഘട്ടങ്ങളിലുള്ളത്)
3) മാസ്റ്റർ(ജനറൽ) ടൈംടേബിൾ –4 ഘട്ടങ്ങളിലുള്ളത് (ജൂൺ1, ഒന്നാം വർഷ ഡിഗ്രി ക്ലാസ് ആരംഭിക്കുന്ന ദിവസം, ഒന്നാം വർഷ പി.ജി.ക്ലാസ് ആരംഭിക്കുന്ന ദിവസം, ഏതെങ്കിലും കോഴ്സിന്റെ അവസാന സെമസ്റ്റർ മാർച്ച് 31 നുശേഷം യൂണിവേഴ്സിറ്റിയുടെ സെമസ്റ്റർ കലണ്ടർ പ്രകാരം അവസാനിക്കുന്നു എങ്കിൽ ആ ദിവസം)
4) ഡിപ്പാർട്ട്മെന്റൽ ടൈം ടേബിൾ –4 ഘട്ടങ്ങളിലുള്ളത്
5) വ്യക്തിഗത ടൈംടേബിൾ (Individual timetable)
6) പരസ്യമുള്ള പത്രങ്ങളുടെ പകർപ്പ്
7) ഇന്റർവ്യൂവിന്റെ മാർക്ക്ഷീറ്റ്
8) യോഗ്യതാസർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
9) നിയമനഉത്തരവ്
10) 200 രൂപാ വിലയുള്ള കേരളസർക്കാർ മുദ്രപത്രത്തിലുള്ള കരാർ

ഓരോ ഡിപ്പാർട്ടുമെന്റിലേയും ഗസ്റ്റ്ലക്ചറർ നിയമനത്തിന് പ്രത്യേകം പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതാണ്.

ഡി). അതിഥി അദ്ധ്യാപകരെ കോളേജിൽ തന്നെയുള്ള സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിൽ പഠിപ്പിക്കുന്നതിനായി പ്രസ്തുത കോഴ്സുകളുടെ ടൈംടേബിളിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

ഇ). ശനിയാഴ്ച ഉൾപ്പെടെയുള്ള മറ്റ് അവധി ദിവസങ്ങളിൽ അക്കാദമിക് കാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അതിഥിഅദ്ധ്യാപകരെ ഉൾപ്പെടുത്തി ശമ്പളം ക്ലെയിം ചെയ്യാൻ പാടുള്ളതല്ല. എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ പ്രിൻസിപ്പാളിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവധി ദിനങ്ങൾ പ്രവൃത്തി ദിനമാക്കി മാറ്റിയാൽ ആ ദിവസങ്ങളിൽ അതിഥിഅദ്ധ്യാപകരുടെ സേവനം ഉൾപ്പെടുത്താവുന്നതും ആ ദിവസത്തേക്ക് ശമ്പളം ക്ലെയിം ചെയ്യാവുന്നതുമാണ്.

എഫ്). വ്യക്തിഗത ടൈംടേബിൾ, ലോഗ് ബുക്ക്, അറ്റൻഡൻസ് രജിസ്റ്റർ എന്നിവ ഡിപ്പാർട്ട്മെന്റിൽ കൃത്യമായി പരിപാലിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ മാസാവസാനം ആകെ ഹാജരായ ദിനങ്ങൾ കണക്കാക്കി അറ്റൻഡൻസ് സർട്ടിഫിക്കറ്റ് വകുപ്പ്മേധാവി നൽകേണ്ടതുമാണ്. അത് പ്രിൻസിപ്പൽ പരിശോധിച്ച് അംഗീകരിക്കേണ്ടതും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

ജി). അറ്റൻഡൻസ് സർട്ടിഫിക്കറ്റ് നൽകുന്നതോടൊപ്പം വ്യക്തിഗത ടൈംടേബിൾ അനുസരിച്ച് ക്ലാസുകൾ എടുത്തിട്ടുണ്ട് എന്ന സാക്ഷ്യപത്രം കൂടി വകുപ്പുമേധാവി നൽകേണ്ടതാണ്.

എച്ച്). അതിഥിഅദ്ധ്യാപകർ മാത്രമുള്ള വകുപ്പുകളിൽ അവരുടെ വ്യക്തിഗത ടൈംടേബിൾ അനുസരിച്ച് അറ്റൻഡൻസ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താനുള്ള ചുമതല പ്രിൻസിപ്പലിന് ആയിരിക്കും.

ഐ). വ്യക്തിഗത ടൈംടേബിൾ അനുസരിച്ച് ക്ലാസ് എടുക്കുന്നതിനോടൊപ്പം പ്രിൻസിപ്പൽ നിർദ്ദേശിക്കുന്നതനുസരിച്ച് അക്കാദമിക് സംബന്ധമായ മറ്റ് ജോലികളും നിർവഹിക്കുവാൻ അതിഥിഅദ്ധ്യാപകർ ബാദ്ധ്യസ്ഥരാണ്.

ജെ). അതിഥിഅദ്ധ്യാപകർ ടൈംടേബിൾ പ്രകാരം ക്ലാസ് ഉള്ള ദിവസങ്ങളിൽ അദ്ധ്യയന സമയം മുഴുവൻ കോളേജിൽ ഉണ്ടെന്ന് പ്രിൻസിപ്പൽ ഉറപ്പുവരുത്തേണ്ടതാണ്.

കെ). അതിഥിഅദ്ധ്യാപകന്റെ നിയമനകാലാവധി സ്ഥിരം അദ്ധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ അല്ലെങ്കിൽ അക്കാദമിക് വർഷം അവസാനിക്കുന്നതുവരേയോ ആയിരിക്കും. 4-7-2018ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 1293/2018/ഉ.വി.വ. പ്രകാരം അതിഥിഅദ്ധ്യാപകരും താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ ആണ് എന്നതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതനാകുന്ന ജീവനക്കാരൻ പിരിഞ്ഞുപോകേണ്ട മാനദണ്ഡം അതിഥിഅദ്ധ്യാപകർക്കും ബാധകമാണ്. അതായത് കോളേജിൽ സ്ഥിരാദ്ധ്യാപകൻ ജോലിയിൽ പ്രവേശിക്കുമ്പോൾ ആദ്യം ജോലിയിൽ പ്രവേശിച്ച ജീവനക്കാരൻ എന്ന നിലയിൽ ആദ്യത്തെ അതിഥി അദ്ധ്യാപകൻ പിരിഞ്ഞുപോകേണ്ടതാണ്.

എൽ). സർക്കാരിന് അധിക സാമ്പത്തികബാദ്ധ്യതയുണ്ടാകാതെ സൂക്ഷിക്കുന്നതിനായി അതിഥിഅദ്ധ്യാപകർക്ക് ടൈംടേബിൾ തയ്യാറാക്കുമ്പോൾ മാസ്റ്റർ ടൈംടേബിളിനനുസൃതമായും എന്നാൽ കഴിവതും കുറഞ്ഞ പ്രവൃത്തി ദിനങ്ങൾ നൽകി ക്രമീകരിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സ്ഥിരഅദ്ധ്യാപകരുടെ ടൈംടേബിൾ പുനഃക്രമീകരിക്കേണ്ടതുമാണ്.

## വേതനം

എ) അതിഥിഅധ്യാപകർ അവരുടെ വ്യക്തിഗതടൈംടേബിൾ പ്രകാരം ക്ലാസെടുക്കുകയും എന്നാൽ ഹാജരാകുന്ന പ്രവൃത്തിദിനങ്ങൾ കണക്കാക്കി മാസാവസാനം വകുപ്പ് തലവൻ നൽകുന്ന അറ്റൻഡൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹാജരായ ദിനങ്ങൾ പ്രിൻസിപ്പൽ പരിശോധിച്ച് അംഗീകരിക്കുകയും 4-7-2018 ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 1293/2018/ഉ.വി.വ. നിർദേശിക്കുന്നപ്രകാരം വേതനം നൽകേണ്ടതുമാണ്.

ബി) ലോഗ്ബുക്കിൽ അക്കാദമിക് വർഷാരംഭത്തിലും 1st DC,1ST PG ക്ലാസുകൾ ആരംഭിക്കുന്ന ദിവസങ്ങളിലുമുള്ള master time table,department time table, individual time table എന്നിവയുടെ പ്രിൻസിപ്പൽ ഒപ്പിട്ട പകർപ്പ് പതിക്കേണ്ടതാണ്. Department time table-ൽ അതിഥി അദ്ധ്യാപകരുടെ ചുരുക്കപ്പേര് കൂടി കാണിക്കേണ്ടതും ടൈംടേബിളിന്റെ താഴെ ഓരോരുത്തരുടേയും പൂർണമായ പേര് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

സി) അതിഥി അദ്ധ്യാപകൻ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതനാകുന്ന ഉദ്യോഗസ്ഥൻ എന്നതിനാൽ ടൈംടേബിൾ തയ്യാറാക്കി അദ്ധ്യയന ദിനങ്ങൾ നിശ്ചയിച്ച് നൽകുമ്പോൾ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ സ്വകാര്യകോളേജുകളിലെ പ്രിൻസിപ്പൽമാർ ഇക്കാര്യം പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഡി) ഓരോ മാസവും സാലറി ബിൽ പാസായാൽ അടുത്ത മാസത്തെ ബിൽ സമർപ്പിക്കുന്നതിന് മുമ്പ് സപ്ലിമെന്ററി ബിൽ ആയി അഥിതി അദ്ധ്യാപരുടെ ബിൽ സമർപ്പിക്കേണ്ടതാണ്. മാത്രമല്ല, ഓരോ മാസത്തെ ബില്ലിനോടൊപ്പവും "കഴിഞ്ഞമാസം വരെ അതിഥി അദ്ധ്യാപരുടെ ശമ്പളം കുടിശ്ശിക ഇല്ല" എന്ന സർട്ടിഫിക്കറ്റ് കുടി ഹാജരാക്കേണ്ടതാണ്. കൂടാതെ അഥിതി അദ്ധ്യാപകരുടെ മുൻ മാസത്തെ ശമ്പള ബില്ലിന്റെ അക്വിറ്റൻസും ഹാജരാക്കേണ്ടതാണ്. ഇക്കാര്യം ഡപ്യൂട്ടി ഡയറക്ടർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) അതിഥി അദ്ധ്യാപകരുടെ നിയമനം/വേതനം സംബന്ധിച്ച മേൽഖണ്ഡികകളിലെ നിർദേശങ്ങളിലുണ്ടാകുന്ന ഏതൊരു വീഴ്ചയും ബന്ധപ്പെട്ട പ്രിൻസിപ്പൽ, സൂപ്രണ്ട്,വകുപ്പുതലവൻ, അക്കൗണ്ട്സ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ വ്യക്തിഗത ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ നിയമനം/വേതനം സംബന്ധിച്ച് മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 09-10-2013 ലെ വി1/102013/2013/കോ.വി.വ മുൻ സർക്കുലർ ഇതിനാൽ അസാധുവാകുന്നു.

ഡോ.ഡി.കെ.സതീഷ്
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എ.എം(4-9-2018)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപക നിയമനം, യോഗ്യത,തെരഞ്ഞെടുപ്പ് രീതി, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച നവീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1355/2023/HEDN തീയതി,തിരുവനന്തപുരം, 09-09-2023

---

പരാമർശം:- 1. ഗസ്റ്റ് അധ്യാപക പ്രതിനിധികൾ സർക്കാരിൽ സമർപ്പിച്ച വിവിധ നിവേദനങ്ങൾ.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 19.05.2023 തിയതിയിലെ ബി2/23675/2022/കൊ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപക നിയമനം,യോഗ്യത,തെരഞ്ഞെടുപ്പ് രീതി, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച നവീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

1.എല്ലാ വർഷവും അക്കാദമിക വർഷം ആരംഭിക്കുന്നതിന് തൊട്ടുമുമ്പുള്ള ഏപ്രിൽ, മെയ് മാസങ്ങളിൽ പത്ര പരസ്യം നൽകി അതിഥി അധ്യാപകരുടെ നിയമനത്തിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കേണ്ടതാണ്.

2.അതാത് മേഖല ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിൽ അതിഥി അധ്യാപക പാനലിൽ പേര് രജിസ്റ്റർ ചെയ്ത അപേക്ഷകരെ നിയമനത്തിനായി പരിഗണിക്കാവുന്നതാണ്.

3.നിയമിക്കപ്പെടുന്ന അധ്യാപകർക്ക് നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമനം നേടുന്നതിനുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

4. 70 വയസ്സ് വരെയുള്ള വിരമിച്ച അധ്യാപകരെയും അതിഥി അധ്യാപക നിയമനത്തിനായി പരിഗണിക്കാവുന്നതാണ്.

5. ആദ്യവർഷ യു.ജി ക്ലാസ് ആരംഭിക്കുന്ന തീയതി, ആദ്യവർഷ പി.ജി ക്ലാസ് ആരംഭിക്കുന്ന തീയതി എന്നീ ഘട്ടങ്ങളിലെ വർക്ക് ലോഡ് സ്റ്റേറ്റ്മെന്റ് നിലവിലെ ഡിപ്പാർട്ട്മെന്റ് ടൈംടേബിൾ സഹിതം വകുപ്പ് അദ്ധ്യക്ഷന്മാർ പ്രിൻസിപ്പലിന് നൽകേണ്ടതും, പ്രിൻസിപ്പൽ അത് കോളേജ് മാസ്റ്റർ ടൈംടേബിളുമായി ഒത്തു നോക്കിയ ശേഷം അതിഥി അധ്യാപകരെ ആവശ്യമുള്ള വിഷയങ്ങളിൽ നിയമന നടപടികൾ ആരംഭിക്കാവുന്നതുമാണ്.

6. സ്ഥിര അധ്യാപകരുടെ ദീർഘകാല ശൂന്യവേതനാവധി മൂന്ന് മാസമോ അതിലധികമോ ആകുന്ന പക്ഷം പ്രസ്തുത ഒഴിവിലേയ്ക്ക് അതിഥി അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. എന്നാൽ പരിവർത്തിതാവധി/

ആർജിതാവധി എന്നിവയ്ക്ക് പകരമായി അതിഥി അധ്യാപകരെ നിയമിക്കാൻ പാടുള്ളതല്ല.

7. അതിഥി അധ്യാപക നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന അംഗങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

i. പ്രിൻസിപ്പൽ/പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന മുതിർന്ന അദ്ധ്യാപകൻ (കമ്മിറ്റി ചെയർമാൻ).
ii. വകുപ്പ് അദ്ധ്യക്ഷൻ/വകുപ്പ് അദ്ധ്യക്ഷന്റെ ചുമതല വഹിക്കുന്ന അധ്യാപകൻ.
iii. ബന്ധപ്പെട്ട വിഷയത്തിലെ രണ്ട് വിഷയ വിദഗ്ധർ (ഒരാൾ നിർബന്ധമായും കോളേജിന് പുറത്തുള്ള ആൾ ആയിരിക്കണം)
    i. SC/ST/Minority/Women/Differently Abled എന്നീ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ അഭിമുഖത്തിന് പങ്കെടുക്കുന്നുണ്ടെങ്കിൽ ടി വിഭാഗത്തിൽപ്പെട്ട ഒരു അധ്യാപക പ്രതിനിധി നിർബന്ധമായും സെലക്ഷൻ കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

മിനിമം നാല് പേർ (പുറത്തു നിന്നുള്ള വിഷയ വിദഗ്ധർ ഉൾപ്പെടെ) ഹാജരായിട്ടുണ്ടെങ്കിൽ ക്വാറം പൂർത്തിയായതായി പരിഗണിക്കാവുന്നതാണ്.

8.അതിഥി അധ്യാപക നിയമനത്തിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യുജിസി റെഗുലേഷൻ 2018 - ലെ APPENDIX II Table 3B പ്രകാരമുള്ള മാനദണ്ഡം കൃത്യമായി പാലിക്കേണ്ടതാണ്.പട്ടിക അനുബന്ധമായി ചേർക്കുന്നു.

9.അതാത് വകുപ്പുകളിലെ വർക്ക് ലോഡ് പ്രകാരം സ്ഥിരം അദ്ധ്യപകർക്ക് 16 മണിക്കൂർ വീതം വർക്ക് ലോഡ് അലോട്ട് ചെയ്തതിനു ശേഷമുള്ള വർക്ക് ലോഡിലേക്ക് മാത്രമേ അതിഥി അധ്യാപകരെ നിയമിക്കാൻ പാടുള്ളൂ. ഇതിനായി മിനിമം 5 മണിക്കൂർ എങ്കിലും വർക്ക് ലോഡ് ഉണ്ടായിരിക്കണം.

10. അതിഥി അധ്യാപകരുടെ ഒരു ദിവസത്തെ പരമാവധി ജോലിഭാരം 3 മണിക്കൂർ ആയിരിക്കും. ആഴ്ചയിലെ ജോലിഭാരം 5 മുതൽ 7 മണിക്കൂർ വരെ ആണെങ്കിൽ പരമാവധി 3 ദിവസമായും, 8 മുതൽ 10 മണിക്കൂർ വരെ ആണെങ്കിൽ പരമാവധി 4 ദിവസമായും, 11 മണിക്കൂറോ അതിൽ അധികമോ ആണെങ്കിൽ പരമാവധി 5 ദിവസമായും കണക്കാക്കി മാസ്റ്റർ ടൈം ടേബിളിന് അനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

11.അതിഥി അധ്യാപകരെ നിയമിക്കുന്നത് ദിവസ വേതനാടിസ്ഥാനത്തിലായതിനാൽ ടി ജീവനക്കാർക്ക് അവർ ജോലിചെയ്യുന്ന ദിവസത്തെ ശമ്പളത്തിന് മാത്രമാണ് അർഹത; മറ്റു യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

12. അതിഥി അധ്യാപകരെ യൂണിവേഴ്സിറ്റി നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഇൻവിജിലേഷൻ ഡ്യൂട്ടി, മൂല്യനിർണ്ണയ ക്യാമ്പുകൾ എന്നിവയ്ക്കും കലാകായിക പ്രവർത്തനങ്ങൾ, പഠനയാത്ര എന്നിവയ്ക്കും പ്രിൻസിപ്പലിന്റെ ഉത്തരവിന് വിധേയമായി നിയമിക്കാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പളം അനുവദിക്കാവുന്നതുമാണ്.

13. അക്കാദമിക വർഷം അവസാനിച്ചതിനു ശേഷം (മാർച്ച് 31) യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരം ക്ലാസുകൾ തുടരുന്നുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ക്ലാസുകൾ തീരുന്ന തീയതി വരെ അതിഥി അധ്യാപകർക്ക് തുടരാവുന്നതും പ്രസ്തുത കാലയളവിലേയ്ക്കുള്ള ശമ്പളം അനുവദിക്കാവുന്നതുമാണ്.

14. സ്ഥിരാദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുമ്പോൾ അവസാനം ജോലിയിൽ പ്രവേശിച്ച അതിഥി അധ്യാപകന് ആദ്യം വിടുതൽ ഉത്തരവ് നൽകേണ്ടതാണ്.

15. അതിഥി അധ്യാപക നിയമന നടപടികൾ അവസാനിച്ച ഉടൻ തന്നെ ടി അധ്യാപകർക്ക് ശമ്പള

വിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ അതാത് കോളേജ് പ്രിൻസിപ്പൽ/ഡെപ്യൂട്ടി ഡയറക്ടർമാർ നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.അതിൽ വീഴ്ച വരുത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്.

16. എയ്ഡഡ് കോളേജുകളിൽ അതിഥി അധ്യാപകരെ നിയമിച്ച് കഴിഞ്ഞാൽ അതാത് ഡെപ്യൂട്ടി ഡയറക്ടർമാർ, നിയമനം അംഗീകരിയ്ക്കേണ്ടതും അംഗീകാരം ലഭിച്ച അതിഥി അധ്യാപകർക്ക് എല്ലാ മാസവും കൃത്യമായി ശമ്പളം വിതരണം ചെയ്യേണ്ടതുമാണ്.

17. പി.എസ്.സി റാങ്ക് ലിസ്റ്റ്/ഷോർട്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സർക്കാർ കോളേജുകളിലെ അതിഥി അധ്യാപക നിയമനത്തിൽ മുൻഗണന നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരി കുമാർ ജി**

**അഡിഷണൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്
ഉന്നത വിദ്യാഭ്യസ (ഡി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/104/2022-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari L
Date: 13-09-2023 11:42:47
സെക്ഷൻ ഓഫീസർ

**Appendix II Table 3B**

Criteria for Short- listing of candidates for Interview for the Post of Assistant Professors in colleges.

| SL.NO | Academic Record | Score | | | |
|---|---|---|---|---|---|
| 1 | Graduation | 80% & Above =21 | 60% to less than 80% = 19 | 55% to less than 60% =16 | 45% to less than 55% =10 |
| 2 | Post Graduation | 80% & Above=25 | 60% to less than 80% = 23 | 55% (50% in case of SC/ST/OBC (non-creamy layer)/PWD) to less than 60%=20 | |
| 3 | M.Phil | 60% & Above =07 | 55% to less than 60% = 05 | | |
| 4 | Ph.D | 25 | | | |
| 5 | NET with JRF | 10 | | | |
| | NET | 08 | | | |
| | SLET/SET | 05 | | | |
| 6 | Research Publications(2 Marks for each research publications published in Peer - Reviewed or UGC-listed Journals) | 06 | | | |
| 7 | Teaching / Post Doctoral Experience (2 Marks for one year each) | 10 | | | |
| 8 | Awards | | | | |
| | Internationl / National Level (Awards given by International Organisations / Government of India / Government of India recognised National Level | 03 | | | |

| | | |
|---|---|---|
| | Bodies) | |
| | State Level (Awards given by State Governement) | 02 |

* However,if the period of teaching / post -doctoral experience is less than one year then the marks shall be reduced proportionately.

Note:

(A)

| | | | |
|---|---|---|---|
| (i) | M.Phil + Ph.D | Maximum | - 25 Marks |
| (ii) | JRF/NET/SET | Maximum | - 10 Marks |
| (iii) | In awards category | Maximum | - 03 Marks |

(B) Number of candidates to be called for interview shall be decided by the college.

| | |
|---|---|
| (C) Academic Score | - 84 |
| Research Publications | - 06 |
| Teaching Experience | - 10 |
| TOTAL | - 100 |

(D) SLET/SET score shall be valid for appointment in respective State Universities/ Colleges/ institutions only.

സ.ഉ.(സാധാ) നം.1382/2023/HEDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അതിഥി അദ്ധ്യാപക നിയമനം, യോഗ്യത, തെരഞ്ഞെടുപ്പ് രീതി, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച നവീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1382/2023/HEDN തീയതി,തിരുവനന്തപുരം, 16-09-2023

---

പരാമർശം:- 1. സ.ഉ. (സാധാ) നം.1355/2023/ഉ.വി.വ തീയതി 09.09.2023.

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അതിഥി അദ്ധ്യാപക നിയമനം, യോഗ്യത, തെരഞ്ഞെടുപ്പ് രീതി, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച നവീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4, "70 വയസ്സ് വരെയുള്ള വിരമിച്ച അധ്യാപകരെയും അതിഥി അധ്യാപക നിയമനത്തിനായി പരിഗണിക്കാവുന്നതാണ്" എന്ന വ്യവസ്ഥ ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹരി കുമാർ ജി

അഡിഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/104/2022-ഉവിവ)

ഉത്തരവിൻ പ്രകാരം

Signed by

Suryasree S

Date: 18.09.2023 15:38:08

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എയ്ഡഡ് കോളേജുകളിലെ അതിഥി അദ്ധ്യാപക നിയമനം, യോഗ്യത, തെരെഞ്ഞെടുപ്പ് രീതി, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച നവീകരിച്ച മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1794/2023/HEDN തീയതി,തിരുവനന്തപുരം, 06-12-2023

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 1355/2023/ഉ.വി.വ തീയതി 09.09.2023
2. സ.ഉ.(സാധാ) നം. 1382/2023/ഉ.വി.വ തീയതി 16.09.2023
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 09.10.2023 - ലെ ബി 2/37883/2023/കോ.വി.വ, 25.11.2023 - ലെ ബി 2/45389/2023/കോ.വി.വ നമ്പർ കത്തുകൾ.
4. ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 17.10.2023 - ലെ ഡി 1/175/2022/ഉ.വി.വ നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപക നിയമനം, യോഗ്യത,തെരഞ്ഞെടുപ്പ് രീതി, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച നവീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 9 - ൽ ചുവടെ ചേർക്കുന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

"ആഴ്ചയിൽ 3-4 മണിക്കൂർ മാത്രം ജോലിഭാരമുള്ള ഏകാദ്ധ്യാപക വിഷയങ്ങളിൽ അതിഥി അദ്ധ്യാപകരെ നിയമിക്കാവുന്നതും, ആഴ്ചയിൽ 2 ദിവസമായി കണക്കാക്കി മാസ്റ്റർ ടൈംടേബിളിനനുസരിച്ച് ക്രമീകരിക്കാവുന്നതുമാണ്."

മേൽ ഭേദഗതിയോടെ പരാമർശം (1),(2) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ് (17.10.2023 - ലെ ഡി 1/175/2022/ഉ.വി.വ നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നം.1794/2023/HEDN

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/104/2022-HEDN)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

Date: 07-12-2023 11:09:59

സെക്ഷൻ ഓഫീസർ

Mathews Plamoottil
2024.06.14 12:19:00
+05'30'